# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/209/2016 പത്രക്കുറിപ്പ് 2016 സെപ്തംബർ 30

## എം.ജി ജൈവകൃഷി പ്രചാരണ പരിപാടി: സംസ്ഥാനതല ഉദ്ഘാടനം ഇന്ന് കോട്ടയം സി.എം.എസ് കോളജിൽ കൃഷി മന്ത്രി വി. എസ്. സുനിൽകുമാർ നിർവ്വഹിക്കും

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ അന്തർ സർവ്വകലാശാല ജൈവകൃഷിപഠനകേന്ദ്രം നാഷണൽ സർവ്വീസ് സ്കീം, കേരള ജൈവകർഷക സമിതി എന്നിവയുമായി സഹകരിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും കോളജ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന ജൈവകൃഷി പ്രചാരണ പരിശീലന പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം ഇന്ന് (ഒക്ടോബർ 1) രാവിലെ 8.30ന് കോട്ടയം സി.എം.എസ് കോളജിൽ നടക്കുന്ന ചടങ്ങിൽ സംസ്ഥാന കൃഷിവകുപ്പ് മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാർ നിർവ്വഹിക്കും. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ സംസ്ഥാനത്തെ മികച്ച എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട എം.ജി സർവ്വകലാശാലയിലെ ഡോ. കെ. സാബുക്കുട്ടനെയും ജൈവകൃഷിയുടെ പ്രചാരണത്തിനും വ്യാപനത്തിനുമായി നൽകിയ സമഗ്രസംഭാവനകൾക്കായി പ്രശസ്ത ജൈവകൃഷി വിദഗ്ധൻ കെ. വി. ദയാലിനെയും ആദരിക്കും. അന്തർസർവ്വകലാശാല ജൈവകൃഷി കേന്ദ്രം ഡയറക്ടറും രജിസ്ട്രാറുമായ എം. ആർ. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങളായ ഡോ. എ. ജോസ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, സി.എം.എസ് കോളജ് പ്രിൻസിപ്പാൾ ഡോ. റോയി സാം ഡാനിയൽ, കോട്ടയം പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ സുമ ഫിലിപ്പ, ഡോ. കെ.സാബുക്കുട്ടൻ, വി. അശോക് കുമാർ (പത്രാധിപർ : ഒരേ ഭൂമി ഒരേ ജീവൻ) എന്നിവർ ചടങ്ങിൽ സംസാരിക്കും.

ഉദ്ഘാടനച്ചടങ്ങുകൾക്ക് ശേഷം എൻ.എസ്.എസ് വിദ്യാർത്ഥികൾക്കായുള്ള ഏകദിന പരിശീലന പരിപാടിയും ഉണ്ടായിരിക്കും. പരിപാടിയിൽ ജൈവ കൃഷിരീതികളെപ്പറ്റി ജൈവ കർഷക സമിതി പ്രസിഡന്റ് കെ. ചന്ദ്രനും, ഓർഗാനിക് ഫാമിങ് സൊസൈറ്റിയിലെ വിവി വിജീഷും ക്ലാസുകൾ നയിക്കും.

ധനലഭ്യതയേക്കാൾ ഗുണലഭ്യതയ്ക്കാണ് പ്രാധാന്യം എന്ന ഉൾക്കാഴ്ചയോടെ കാർഷിക മേഖലയുടെയും സന്തുലിതമായ പരിസ്ഥിതിയുടെയും വീണ്ടെടുപ്പിനായി പരമ്പരാഗത ജൈവകൃഷിരീതികളുടെ ഗുണഫലങ്ങൾ പൂർണ്ണമായും നിലനിർത്തിക്കൊണ്ടുതന്നെ ക്രിയാത്മക ഗവേഷണങ്ങളിലൂടെ ജൈവകൃഷിരീതികൾക്ക് ശാസ്ത്രീയ സ്വഭാവം കൈവരുത്തുക, യുവജനങ്ങളെ ജൈവ്യഷിയിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി അക്കാദമിക പാഠ്യക്രമങ്ങൾ പ്രാവർത്തികമാക്കുക, സാധാരണ കർഷകരിൽ ജൈവകൃഷി രീതികളോട് അനുഭാവം വളർത്തുന്നതിനായി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക., ജൈവകൃഷിയിടങ്ങൾ കലാലയങ്ങളിൽ ഒരുക്കുക, ജൈവജീവിതചര്യയിൽ പരിശീലനം നൽകുക വഴി ഗ്രാമഗ്രാമാന്തരങ്ങളിലെ സാധാരണ കർഷകർക്കും കർഷകതൊഴിലാളികൾക്കും ജൈവകൃഷിയെ സംബന്ധിച്ചുള്ള തെറ്റിദ്ധാരണകൾ മാറ്റി, രാസകൃഷിയിൽ നിന്ന് മടക്കയാത്രയ്ക്ക് നേതൃത്വം നൽകാനുള്ള ശ്രമങ്ങൾ നടത്തുക മുതലായവയാണ് പരിപാടിയുടെ മുഖ്യലക്ഷ്യങ്ങൾ. ആദ്യഘട്ടത്തിൽ നാഷണൽ സർവ്വീസ് സ്കീമിന്റെയും, കേരളാ ജൈവ കർഷക സമിതിയുടെയും സഹകരണത്തോടെ സംസ്ഥാനത്തെ കോളജ് വിദ്യാർത്ഥികൾക്കിടയിൽ ജൈവകൃഷി ജീവിത ശൈലിയാക്കി മാറ്റുന്നതിനും, വിഷരഹിത ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി ലക്ഷ്യമിട്ടുള്ള ബോധവൽക്കരണ പരിശീലന പരിപാടികൾ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കും. രണ്ടാം ഘടത്തിൽ സംസ്ഥാനത്തെ കോളജ് വിദ്യാർത്ഥികളെ ഗ്രാമങ്ങളിൽ കർഷകർക്കും യുവാക്കൾക്കും ജൈവകൃഷിയിലും ജീവിത രീതികളിലും പരിശീലനം നൽകുന്നതിനുള്ള പരിശീലകരായി നിയോഗിക്കുന്നതിനും ലക്ഷ്യമിടുന്നു.

## പി.ജി പ്രവേശനപ്പരീക്ഷ: അപേക്ഷ ഒക്ടോബർ 5 വരെ സ്വീകരിക്കും

എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ അഫിലിയേറ്റഡ് കോളജികളിലെ സോഷ്യൽ വർക്ക് (എം.എസ്.ഡബ്ല്യു), ജേർണലിസം (എം.സി.ജെ), എം.എസ്.സി ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻ എന്നീ പ്രോഗ്രാമുകളിലേക്കും, ആനിമേഷൻ, സിനിമ ആന്റ് ടെലിവിഷൻ, ഗ്രാഫിക് ഡിസൈൻ, മൾട്ടിമീഡിയ എന്നീ എം.എ പ്രോഗ്രാമുകളിലേക്കും ബാച്ചിലർ ഓഫ് ലൈബ്രറി സയൻസ് പ്രോഗ്രാമിലേക്കുമുള്ള പ്രവേശനപ്പരീക്ഷയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഒക്ടോബർ 5 വരെ ദീർഘിപ്പിച്ചു. എം.എസ്.സി ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻ ഒഴികെയുള്ള എല്ലാ പ്രോഗ്രാമുകളിലേക്കും പ്രവേശനപ്പരീക്ഷയിലെ

മാർക്കിന്റെയും ബോണസ് പോയിന്റുകളുടെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. എം.എസ്.സി ടെക്സ്റ്റൈൽസ് ആന്റ് ഫാഷൻ പ്രോഗ്രാമിലെ പ്രവേശനം പ്രവേശനപ്പരീക്ഷയുടെയും യോഗ്യതാപ്പരീക്ഷയുടെയും മാർക്കുകളുടെ അടിസ്ഥാനത്തിലായിരിക്കും. വിശദമായ നോട്ടിഫിക്കേഷനും, കോളജുകളുടെയുംകോഴ്സുകളുടെയും വിവരങ്ങളും അപേക്ഷാ ഫാറത്തിന്റെ മാതൃകയും ഫീസടയ്ക്കുന്നതിനുള്ള ചെലാനും സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ഒക്ടോബർ 5ന് മുൻപ് ഡപ്യൂട്ടി രജിസ്ട്രാർ (അക്കാദമിക്–1), മഹാത്മാ ഗാന്ധി സർവ്വകലാശാല, പി.ഡി.ഹിൽസ് പി.ഒ, കോട്ടയം പിൻ 686560 എന്ന വിലാസത്തിൽ ലഭിക്കണം.

## സൈബർ ഫോറൻസിക് പരീക്ഷ മാറ്റി

ഒക്ടോബർ 14ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് സൈബർ ഫോറൻസിക് പരീക്ഷകൾ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട്.

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ എം.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് (സി.എസ്.എസ് – റഗുലർ സ്റ്റഡി – 2015 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 18ന് പാലാ അൽഫോൺസാ കോളജിൽ വച്ച് നടത്തും.

## പരീക്ഷാ ഫലം

മൂന്നാം പ്രൊഫഷണൽ എം.ബി.ബി.എസ് പാർട്ട് രണ്ട് (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ഒക്ടോബർ 15 വരെ സ്വീകരിക്കും.

## എം.ടെക് കംപ്യൂട്ടർ സയൻസ് ആന്റ് ടെക്നോളജി: എസ്.സി/എസ്.ടി വിഭാഗം സീറ്റൊഴിവ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസിൽ 2016–18 വർഷത്തേക്കുള്ള എം.ടെക് കംപ്യൂട്ടർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ എസ്.സി./എസ്.ടി. സംവരണ വിഭാഗത്തിൽ സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ 3ന് രാവിലെ 10 മണിക്ക് നേരിട്ട് ഹാജരാകണം. എം.ജി സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള ബി.ടെക് കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്/ടെക്നോളജി അല്ലെങ്കിൽ ബി.ടെക് ഇൻഫർമേഷൻ ടെക്നോളജി അല്ലെങ്കിൽ തത്തുല്യ എഞ്ചിനീയറിംഗ് ബിരുദമാണ് അടിസ്ഥാന യോഗ്യത. ഫോൺ 0481–2731037.

## നെൽസൺ മണ്ഡേല, കെ.പി.എസ്. മേനോൻ സ്മാരക പ്രഭാഷണങ്ങൾ

എം.ജി സർവ്വകലാശാല രാജ്യാന്തര പഠനവകുപ്പിൽ നെൽസൺ മണ്ഡേല, കെ.പി.എസ്. മേനോൻ സ്മാരക പ്രഭാഷണങ്ങൾ നടത്തും. ഒക്ടോബർ 4ന് രാവിലെ 10.30ന് നെൽസൺ മണ്ഡേല സ്മാരക പ്രഭാഷണം പ്രസിദ്ധ രാഷ്ട്രമീമാംസകനും ദില്ലി സർവ്വകലാശാല പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പ് മുൻ മേധാവിയുമായ അചിൻ വനായിക് നടത്തും. വിഷയം "ദേശീയതയുടെ ശക്തിയും പരിമിതികളും". ഒക്ടോബർ 5ന് രാവിലെ 10.30ന് കെ.പി.എസ് മേനോൻ സ്മാരക പ്രഭാഷണം പ്രസിദ്ധ റഷ്യൻ ചിന്തകനും സാമൂഹിക ശാസ്ത്രജ്ഞനുമായ ബോറിസ് കഗാർലിറ്റ്സ്കി നടത്തും. വിഷയം "ബ്രിക്സിന്റെ പ്രതിസന്ധികളും വെല്ലുവിളികളും"

## പ്രോജക്ട് ഫെലോ ഒഴിവ്

ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ പ്രോജക്ട് ഫെലോയുടെ ഒരൊഴിവിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ബയോകെമിസ്ട്രി/ബയോടെക്നോളജിയിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. മോളിക്യുലാർ ബയോളജിയിലുള്ള പ്രവർത്തി പരിചയം അഭികാമ്യം. കലാവധി 2 വർഷം. സ്റ്റൈപന്റ് പ്രതിമാസം 14000 രൂപയും 10 ശതമാനം എച്ച്.ആർ.എ യും ലഭിക്കും. ദ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, കെ.എസ്.സി.എസ്.റ്റി.ഇ എസ്.ആർ.എസ് പ്രോജക്ട്, ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, മഹാത്മാ ഗാന്ധി സർവ്വകലാശാല, പി.ഡി.ഹിൽസ് പി.ഒ, കോട്ടയം പിൻ 686560 എന്ന വിലാസത്തിൽ അപേക്ഷകൾ ഒക്ടോബർ 10 വരെ സ്വീകരിക്കും.

## ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ശിൽപശാല

എം.ജി സർവ്വകലശാല പ്യൂർ ആന്റ് അപ്ലൈഡ് ഫിസിക്സിന്റെ ആഭിമുഖ്യത്തിൽ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ശിൽപശാല. ഒക്ടോബർ 1നും 8നും സെന്റർ ഫോർ ഹൈ പെർഫോമൻസ് കംപ്യൂട്ടിങ്ങിൽ വച്ച് രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ നടത്തും. ഐനാപ് ഇൻഫർമേഷൻ ടെക്നോളജീസ് പ്രസിഡന്റ് സതീഷ് ബാബു മുഖ്യ പ്രഭാഷണം നടത്തും. താൽപര്യമുള്ളവർ ഇമെയിൽ (2011kerala@gmail.com) മുഖേന രജിസ്റ്റർ ചെയ്യുക.

## ലോകഹൃദയ ദിനാഘോഷം

എം.ജി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീമും, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എമർജൻസി മെഡിക്കൽ സർവ്വീസസ് കോട്ടയം യൂണിറ്റും സംയുക്തമായി മാന്നാനം കെ.ഇ കോളജിൽ വച്ച് ലോകഹൃദയ ദിനാഘോഷം

നടത്തി. സിഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ് എന്നിവർ ചേർന്ന് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പാൾ റവ. ഡോ. ബെന്നി സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കോളജ് യൂണിയൻ ചെയർമാൻ നിതിൻ സണ്ണിയുടെ നേതൃത്വത്തിൽ കോളജിൽ നിന്നും സമാഹരിച്ച ചികിത്സാ സഹായ ഫണ്ട് ഹൃദ്രോഗിയായ മാന്നാനം നിവാസി അജിത ബിനുവിന് നൽകി. എൻഎസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ, റവ. ഡോ. ജോസഫ് ഒഴുകയിൽ, രാജശേഖരൻ നായർ, പ്രൊഫ. സിജിമോൾ സി. ജി, പ്രൊഫ. ജോഷി പോൾ എന്നിവർ പ്രസംഗിച്ചു. കോട്ടയം ജില്ലയിലെ വിവിധ കോളജുകളിൽ നിന്നുള്ള എൻ.എസ്.എസ് വോളന്റിയർമാർ പങ്കെടുത്തു.

*അടിക്കുറിപ്പ്*

എം.ജി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീമും, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എമർജൻസി മെഡിക്കൽ സർവ്വീസസ് കോട്ടയം യൂണിറ്റും സംയുക്തമായി മാന്നാനം കെ.ഇ കോളജിൽ വച്ച് നടത്തിയ ലോകഹൃദയ ദിനാഘോഷം സിഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. റവ. ഡോ. ബെന്നി സെബാസ്റ്റ്യൻ, ഡോ. കെ. സാബുക്കുട്ടൻ, റവ. ഡോ. ജോസഫ് ഒഴുകയിൽ എന്നിവർ സമീപം

## ലോക ടൂറിസം ദിനാചരണം: ക്വിസ് മത്സരം

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ ലോക ടൂറിസം ദിനത്തോടനുബന്ധിച്ച് നടന്ന ഇന്റർ ഡിപ്പാർട്ട്മെന്റൽ ക്വിസ് മത്സരത്തിൽ വിജയികളായ സ്കൂൾ ഓഫ് ഇന്റർ നാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് വിദ്യാർത്ഥികൾക്ക് സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ് ''അവികാ ടൂറിസം കൊച്ചി'' സ്പോൺസർ ചെയ്ത ട്രോഫിയും ക്യാഷ് അവാർഡും സമ്മാനിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**